Clean Kerala Company
CIAL Model Company
LSGD, Government of Kerala

# Clean Kerala Company Limited

Regd: Office: TC - 29/1732, Second Floor,
State Municipal House, Vazhuthacaud, Trivandrum - 10, Kerala
Phone: Office: 0471 321 6600, Mobile: 9497 88 66 00
Email: cleankeralacompany@gmail.com, info@cleankeralacompany.com
Website: www.cleankeralacompany.com CIN - U90000KL2013SGC035624

C28/CKCL/2016 20/02/2017

ചീഫ് എൻജിനീയർ,
എൽഎസ്ജിഡി,
തിരുവനന്തപുരം

സർ,

വിഷയം: റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച്

സൂചന: (1) 20/04/2016 ലെ കോ ഓഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം 2, 3.
(2) NO: DB3/4620/12/ CE/ LSGD dt 25/08/2016
(3) സ ഉ (സാധ) നം:3119/2016 തസ്വഭവ തീയതി 17/11/2016

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കോ ഓഡിനേഷൻ കമ്മിറ്റിയുടെ 20/04/2016, 22/06/2016 എന്നീ തീയതികളിലെ 2.3, 3.22 തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡുകളുടെ ടാർ ചെയ്യുന്ന പ്രവർത്തി ഏറ്റെടുക്കുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. സൂചന (2), (3) പ്രകാരം ടാറിംഗ് പ്രവർത്തികൾക്ക് ആവശ്യമുള്ള ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ സപ്ലൈ ചെയ്യുവാൻ തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ പ്രവൃത്തിക്കുന്ന ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 10 ടണ്ണിൽ അധികം പ്ലാസ്റ്റിക്കുകൾ വിവിധ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി സപ്ലൈ ചെയ്തിട്ടുണ്ട്. സൂചന (3) സർക്കാർ ഉത്തരവ് പ്രകാരം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിനുള്ള ഡിമാന്റ് 30 ദിവസത്തിന് മുൻപ് ക്ലീൻ കേരള കമ്പനിയെ അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ആവശ്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017 ഫെബ്രുവരി 28 നു മുൻപായി ഈ സാമ്പത്തിക വർഷത്തെ പ്രവൃത്തികൾക്ക് ആവശ്യമുള്ള ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ഡിമാന്റ് നൽകേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ അപേക്ഷകൾ പ്രകാരമുള്ളവ ഏപ്രിൽ 2017 നു ശേഷം മാത്രമേ സപ്ലൈ ചെയ്യുവാൻ സാധിക്കുകയുള്ളുവെന്ന് അറിയിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ

No. 12/Est/2017/CE/LSGD

Endt No. DB3/4620/12/CE/LSGD, Dt- 21.02.17

കത്തിന്റെ പകർപ്പ് ജില്ലാ തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളുടെയും അറിവിലേക്കായി website ൽ പ്രസിദ്ധീകരിക്കുന്നു

മാനേജിംഗ് ഡയറക്ടർ
ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

പകർപ്പ്

(1) ചീഫ് എൻജിനീയർ, എൽഎസ്ജിഡി, വെബ്സൈറ്റ്

(2) ക്ലീൻ കേരള കമ്പനി, വെബ്സൈറ്റ്

CHIEF ENGINEER